# മാറ്റൊലി




## സേക്രഡ് ഹാർട്ട്സ് ഗേൾസ്

## ഹൈസ്ക്കൂൾ മുതലക്കോടം



# ആശംസ

വിവരസാങ്കേതിക രംഗത്ത് കുതിച്ചു ചാട്ടം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തോട് അനുരൂപരാകുവാൻ കുട്ടികളെ സജ്ജരാക്കുന്ന പദ്ധതി ആണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ സംരംഭങ്ങൾക്കും വിജയാശംസകൾ നേരുന്നു. കൂടുതൽ ഉയരങ്ങളിലേക്ക് പൂർവ്വാധികം ഉണർവോടെ മുന്നേറുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാത്ഥിക്കുന്നു. ഡിജിറ്റൽ മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**വിജയാശംസകളോടെ**

**ഹെഡ്മിസ്ട്രസ്**
**സിസ്റ്റർ റോസിലി മാത്യു.**



# ആമുഖം

ലോകം കൈകുമ്പിളിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ വിവര സാങ്കേതിക വിനിമയ രംഗത്തെ അനന്തസാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുവാനുള്ള പദ്ധതികൾ ആവിഷ്-ക്കരിച്ച് നടത്തിവരുകയാണ് പൊതുവിദ്യാഭ്യാസമേഖല.ഈ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായിരിക്കുന്ന ഐ.റ്റി ക്ലബ്ബുകളാണ് "ലിറ്റിൽ കൈറ്റ്സ്".ഹാർഡ് വെയർ,ഇലക്ട്രോണിക്സ്,അനിമേഷൻ,സൈബർ സുരക്ഷ, മലയാളം കംമ്പ്യൂട്ടിംഗ്,മൊബൈൽ ആപ് നിർമ്മാണം,പ്രോഗ്രാമിംഗ്,റോബോ-ട്ടിക്സ്,ഇ-ഗവേണൻസ്,വെബ് ടിവി തുടങ്ങിയ മേഖലകളിൽ പ്രത്യേക വൈദഗ്ധ്യം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസീനാണ് "മാറ്റൊലി".മലയാളം കംമ്പ്യൂട്ടിംഗിലൂടെ ഓപ്പൺ ഓഫീസ് റൈറ്ററിൽ തയ്യാറാക്കിയ കഥകൾ, കവിതകൾ,ലേഖനങ്ങൾ എന്നിവയാണ് മാറ്റൊലിയിൽ നിറഞ്ഞുനിൽക്കുന്നത്. കുട്ടികൾക്ക് നൽകിയ പരിശീലനം ഏറ്റവും മികച്ചതാണെന്ന് "മാറ്റൊലി"യിൽ നിന്ന് ഏവർക്കും മനസ്സിലാക്കാൻ സാധിക്കും.

ജാൻസി കെ എ
എസ് ഐ റ്റി സി

# ആമുഖം

ലിറ്റിൽ കൈറ്റ്സിന് ഒരു ഡിജിറ്റൽ മാഗസിൻ എന്ന ആശയം സഫലമായിരിക്കുകയാണ്. കുട്ടികളുടെ വിത്യസ്തങ്ങളായ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിനായ മാറ്റൊലി തയ്യാറായി കഴിഞ്ഞിരിക്കുന്നു.

വിജയത്തിന്റെ മാറ്റൊലിശബ്ദത്തിനായി കൈകോർത്തവർ

*ചീഫ് എഡിറ്റർ*

*ഡിയ റാണി ആന്റെണി*

*സബ് എഡിറ്റേഴ്സ്*

*അശ്വതി ടി. ആർ .*
*നിഖിത ജോഷി*
*ദേവിക പ്രമോദ്*

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഓർമ്മച്ചിറകിൽ കലാം | 7 |
| 2. | ഭാരതം | 8 |
| 3. | മഴവില്ല് | 9 |
| 4. | പൂവ് | 10 |
| 5. | വെള്ളപ്പൊക്കം | 11 |
| 6 | കൈനീട്ടം | 12 |
| 7. | അമ്മത്തൊട്ടിൽ | 13 |
| 8. | ചാൾസ് ബാബേജ് | 14 |
| 9. | നല്ല ശീലങ്ങൾ | 15 |
| 10. | പരിചയപ്പെട്ടാൽ പേടി മാറും | 16 |
| 11. | ആത്മഗീതം | 17 |
| 12. | കാത്തിരിപ്പ് | 18 |
| 13. | സൂര്യാസ്തമയം | 19 |
| 14. | പൂവ് | 20 |
| 15. | പേരാലും പുൽക്കൊടിയും | 21 |
| 16. | അങ്ങാടിയ്ക്കുപോയ നെല്ലിക്കകൾ | 22 |
| 17. | മഞ്ഞുതുള്ളി | 23 |
| 18. | അമ്മ | 24 |
| 19. | ഗ്രാമം | 25 |
| 20. | കുട്ടിയുടെ പാട്ട് | 26 |
| 21. | വൃത്തിയുള്ള നാട്ടിൽ ആരോഗ്യമുള്ള ജനത | 27 |
| 22. | എന്റെ നാട് | 28 |

| | | |
|---|---|---|
| 23. | പുഞ്ചപ്പാട്ട് | 29 |
| 23. | പുഴ | 30 |
| 24. | തവളപ്പൂരം | 31 |
| 25. | ഉള്ളൂർ എസ്. പരമേശ്വരയ്യർ | 32 |
| 26. | ഇന്റർനെറ്റും ടിവിയും വിസ്മയലോകങ്ങൾ | 33 |
| 27. | കാർമേഘം | 34 |
| 28. | കേരളഗാനം | 35 |
| 29. | മൗനം | 36 |
| 30. | മഞ്ഞുതുള്ളി | 37 |
| 31. | അമ്മ പഠിപ്പിച്ചവ | 38 |
| 32. | കടമ്മനിട്ട രാമകൃഷ്ണൻ | 39 |
| 33. | പ്രളയവും അതിജീവനവും | 40 |
| 34. | കണ്ണൻ കാർവർണ്ണൻ | 41 |



ഹെന്ന മരിയ ജിജ്ജു.

# ഓർമ്മച്ചിറകിൽ കലാം




ഡോ.എ.പി.ജെ. അബ്ദുൾകലാം ഇന്ത്യയുടെ മിസൈൽമാൻ നമ്മളെ കണ്ണുതുറന്ന് സ്വപ്നം കാണാൻ

പഠിപ്പിച്ച മഹത്വ്യക്തി.ഇന്ത്യയുടെ മുൻ രാഷ്ട്രപതി. രാഷ്ട്രീയവുമായി യാതൊരു

ബന്ധവുമില്ലാത്ത രാഷ്ട്രപതിയായിരുന്നു. ഭാരതരത്ന,

പത്മവിഭൂഷൺ ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി.

മിസൈൽ സാങ്കേതികവിദ്യയിലും ആണവോർജവികസനത്തിലും ഇന്ത്യ കൈവരിച്ച എല്ലാ നേട്ടങ്ങളുടേയും ഒരു പങ്ക് ഭാരതീയ പാരമ്പര്യത്തിന്റെ മഹിമയിൽ ഊറ്റംകൊണ്ട അബ്ദുൾകലാം എന്ന ഉത്തമപുത്രന് അവകാശപ്പെട്ടതായിരുന്നു. 1980 ലെ രോഹിണി ദൗത്യം മുതൽ പി.എസ്.എൽ.വി വരെയുള്ള എല്ലാ മുന്നേറ്റങ്ങളിലും അമരക്കാരനായി .

2015 ജൂലൈ 27 ,6.52 ന് ഒരു വേദിയിൽ വച്ച് കലാം തളർന്നുവീണു. ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കുവാൻ ആയില്ല. 9 മണിയോടെ അദ്ദേഹം സ്വർഗത്തിലെ പുരോഗതിക്കായി മരണം എന്ന വിമാനത്തിൽ കയറി സ്വർഗാരോഹണം ചെയ്തു.

# ഭാരതം



അശ്വനി രാജേഷ്

ഹരിതക നികുടമല്ലോ
ഇതിഹാസ പുരാണ ഭാരതദേശം
ലോകത്തിൻ നന്മയായ്
സനേഹത്തിൻ പ്രതീകമായ്
നിലകൊളളുന്നൊരു ഭാരതാംബേ
നിൻ നെഞ്ചിൽ നടക്കുന്ന നീതികൾ
സമാധാനമില്ലാത്തതെന്തമ്മേ



ലോകർ തൻ യശസ്സുയർത്തമ്മേ
ഭ്രമി തൻ നിധിയായ്
മനുഷ്യരാശ്ശിതൻ കാവലായ്
ഉയരുന്നു ഭാരതദേശം

ഉണട്ടെ ഭാരതാംബ
ഉണരട്ടെ ലോകനൻമ
ഉതിരട്ടെ സ്നേഹസമാധാനം
ഉറങ്ങട്ടെ പടപ്പോരാട്ടം

ദൈവത്തിൻ സൃഷടിയായ
ഭാരതീയർ തൻ അഭിമാനമായ്
പുളകരോമാഞ്ചമണിയാൻ ഉണരട്ടെ
ഉയരട്ടെ ജയിക്കട്ടെ ഭാരതദേശം!



ഫെമിന റഹീം




# മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
ഏഴുനിറത്തിൽ തെളിവില്ല്
മായല്ലേ നീ മഴവില്ലേ
മാനത്തൊന്നു നിൽക്കാമോ



ആഷ്ന നിസ്സാർ

# പൂവ്

എങ്ങുപോയി
ചുണ്ടു വിടർത്തുന്ന പൂവിലെല്ലാ
വണ്ടിനു വേണ്ടും മധു നിറച്ച
ദന്തങ്ങൾ പോയിളൊട്ടിപ്പോയ



കുന്നിനു യൗവ്വന കാന്തി നൽകി
ഓടി നടന്നു കളിച്ച മന്നിൻ
വാടി പുതുക്കും വെയിൽ നാളങ്ങൾ
പൊന്നിൻ കസവുകൾ നെയ്തുതള്ളും

മഞ്ഞമുകിലിലൊളിഞ്ഞുനിന്നു
പച്ചിലക്കുമ്പിളിൽപ്പൂവറുത്തി-
ട്ടുത്രാട സന്ധ്യ തളർന്നു നിന്നു
അന്തിവെട്ടത്തോടൊത്തെത്തി ഞാനുമന്നത്തെയോണം
നുകർന്ന പാട്ടിൽ പോരിൻ പഴങ്കഥപ്പാട്ടുപാടി
പേരാലിലകൾ കളിക്കും നാട്ടിൽ

# വെള്ളപ്പൊക്കം



അൽഫിയ മുഹമ്മദ്

ജലമേന്തിയോടിക്കിതച്ച മേഘം
മണലിൽത്തടഞ്ഞു കമഴ്ന്നുവീണു
കൊട്ടുമുടിക്കടിയിലേക്കുരുളും കുടത്തിന്റെ...

ചടപട ശബ്ദങ്ങൾകേൾപ്പതില്ലേ?തണ്ണീർ
ചിതറിത്തെറിപ്പതു കാണ്മതില്ലേ........
പുഴയിൽ കവിഞ്ഞു വയൽ നിറഞ്ഞു
പടിയോളം വന്നെത്തി........
തൊടിയോളം ചെന്നെത്തി തൊടിയിലീ
മുറ്റത്തുചെന്നെത്തി വെള്ളം

ചെറുവഞ്ചി വേഗമിറക്കി വയ്ക്കൂ
കുറിയനയമ്പും തിരഞ്ഞെടുക്കൂ
തൊടിയീന്നു വയലിലും വയലീന്നു പുഴയിലും പുഴയീന്നു കടലിലും.....
പോയിവരേണം കയ്യും തുഴയുമായൊന്നു പൊരുതീടണം
കുതിരപോൽ വാശിത്തിമിർപ്പിനോടെ.......

കുതികൊള്ളമോടി വയലിലൂടെ
കരിനിറവളനീരലണിയം കൊണ്ടുഴുതുവൻ
കുമിളവെൺവിത്ത് വിതച്ചിടും ഞാൻ
തിരക്കളകൾ നയമ്പാൽ കൊത്തി
നീക്കിടും ഞാൻ........

# കൈനീട്ടം



അന്ന ത്രേസ്യാ ജോസഫ്

മിന്നാമിന്നികൾ വെട്ടം കാട്ടും
ചീവീടുകളോ പാട്ടുകൾ പാടും
മഴവന്നാലും ക്രൂണകളെല്ലാം
ഉണ്ണിക്കായി കുട നീർത്തും

ഈയാം പാറ്റകൾ വെട്ടം തേടി
നമ്മുടെ കുടിലിലുമെത്തീടും
തൊട്ടിൽ കെട്ടി താരാട്ടാൻ
അമ്മക്കിളിയും പാറി വരും

അമ്മക്കിളിയുടെ താരാട്ടും
അകലത്തുള്ളൊരു അമ്പിളിയും
കണ്ണുകൾ ചിമ്മും താരകളും
കഞ്ഞോ കണ്ണുകൾ പൂട്ടുക നീ

നാളെ പുലരിയിൽ പുതുവർഷം
നമ്മൾക്കേകും നവഹർഷം
ഉണ്ണിക്കയ്യിൽ കൈനീട്ടം
പുതുവർഷത്തിൻ കൈനീട്ടം .

# അമ്മത്തൊട്ടിൽ



ശിവപ്രിയ റ്റി.പി

പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു-
മോരം ചെരിഞ്ഞു മടങ്ങിയിരുന്നമ്മ
നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്.
എങ്ങോട്ടി പോകുന്ന വെന്നുചോദിച്ചില്ലാ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ട് തുറന്നവർ.

ഇപ്പോൾ വിജനമായി തെരുവീഥികൾ
ആകാശഗോപുരങ്ങൾ താഴത്തവ
നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.
ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ? )
തോട്ടുടുത്തായിട്ടിറക്കിയാലെന്നോർത്തു.
പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
റ്റൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.





**അൽഫിയ റഷീദ്**

# ചാൾസ് ബാബേജ്

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇംഗ്ലണ്ടിൽ മെക്കാനിക്കൽ എഞ്ചിനീർ ആയ ചാൾസ് ബാബേജ് കണക്കു കൂട്ടലുകളെ സഹായിക്കാൻ കഴിയുന്ന ഒരു യന്ത്രം രൂപകൽപ്പന ചെയ്തു. ഡിഫറൻസ് എഞ്ചിൻ എന്ന വെറുമൊരു കണക്കു കൂട്ടൽ സഹായിയാണ് ആദ്യം വിഭാവനം ചെയ്തത്.അധികം വൈകാതെ തന്നെ നിർദ്ദേശങ്ങൾ നൽകി പ്രവർത്തിപ്പിക്കാവുന്നതും പൊതുവെ മറ്റുചില പ്രവർത്തനങ്ങൾക്കും പ്രാപ്തമായതുമായ അനലറ്റിക് എഞ്ചിന് അദ്ദേഹം രൂപം നൽകി. ഇതാണ് ലോകത്തെ ആദ്യ കംമ്പ്യൂട്ടർ. അതുകൊണ്ടുതന്നെ ചാൾസ് ബാബേജി-നെ കമ്പ്യൂട്ടറിന്റെ പിതാവ് എന്ന് വിളിച്ച് ലോകം ആദരിക്കുന്നു.



എയ്ഞ്ചൽ ജോയി

# നല്ല ശീലങ്ങൾ

വിനയം കൈമുതലാക്കേണം
വിനയമായി നിൽക്കേണം
അധരം പുഞ്ചിരിക്കേണം
വദനം പുളകിതമാകേണം
ശാന്തത കൈവശമാക്കേണം
അന്ധത പാടേ മറക്കേണം
കർമ്മമതെന്തെന്നായാലും
നന്മകളായി ഭവിക്കേണം
ധൈര്യം കൈവെടിയാതെന്നം
സത്യ സ്നേഹോപഹാരത്തിൽ
ഗാഥകൾ പാടിപ്പുകഴ്ത്തേണം....



**അരുന്ധതി ഷൈജു**

# പരിചയപെട്ടാൽ പേടി മാറും

ഒരു വനത്തിൽ ഒരു മുയൽ താമസിച്ചിരുന്നു. സിംഹത്തെ അവന് ഭയമായിരുന്നു. ഒരുദിവസം അവൻ ഒരു സിംഹത്തിൻെ മുന്നിൽ ചെന്നു വീണു. അവൻ ഒന്നു ഞെട്ടി. പക്ഷെ സിംഹം ഒന്നും ചെയ്തില്ല. വീണ്ടും അവൻ ഒരിക്കൽ കൂടി ചെന്നു പെട്ടു. സിംഹം ഒന്നും ചെയിതില്ല. മുയൽ സാവധാനം നടന്നു നീങ്ങി.വീണ്ടുംഅവർ കണ്ടുമുട്ടി. അപ്പോൾ സിംഹം അവനെ ചിരിച്ചു കാണിച്ചു. അവനെപരിചയപെട്ടതോടെ ആ വലിയ മൃഗത്തെ അവന് പേടിയില്ലാതായി.

വലിയ ആളുകളെ വെറുതെ ഭയപെടുന്നതിൽ കാര്യമില്ലെന്ന് ഈ കഥ മനസിലാക്കിത്തരുന്നു.



ആര്യാ ബാബു

# ആത്മഗീതം

നിയതിയാം നിമ്നഗതൻ കരയിൽ
നിമിഷനീർപ്പോളകളെണ്ണിയെണ്ണി
നിരുപമാകാര, ഞാൻ നിന്നെ നോക്കി
നിരവധിനാളുകൾ പാഴിലാക്കി!

അനുരാഗലോലയാമെന്നെയെത്ര
കനകപ്രഭാതങ്ങൾ വന്നു പുൽകി!
അനഘസായാഹ്നങ്ങളെത്രയെന്നി-
ലനുകമ്പയുകിപ്പിരിഞ്ഞുപോയി!
അവരാരുമോർത്തില്ല, മൽപ്രണയ-
മടവിയിൽ വീഴ്കെ നിലാവില്ലെന്നായ്.



ബിസ്മി നാസർ

# കാത്തിരിപ്പ്

കാലങ്ങൾ കടന്നുപോകവേ
ഞാൻ നിനക്കായ് കാത്തിരുന്നു
എൻ ജീവിതത്തിൽ ഒരുപാട്
ആഗ്രഹത്തോടെ കാത്തിരുന്നു
എൻ ഏകാന്തജീവിതത്തിൽ
എനിക്കുള്ള പ്രതീക്ഷ നീയായിരുന്നു
എൻ ചിന്തകളിൽ എനിക്ക്
കൂട്ട് നീയായിരുന്നു
പ്രതീക്ഷ നശിച്ച എൻ
ജീവിതത്തിൽ നീയായിരുന്നു എന്റെയെല്ലാം
എൻ കിടക്കയിൽ അനങ്ങാൻ
പോലുമാവാതെ ഞാൻ കാത്തിരുന്നു
നിനക്കായ് മരണമേ നിനക്കായ്......



*ദേവിക പ്രമോദ്*

# സൂര്യാസ്തമയം

പകലിന്റെ അവസാന നാഴികയിൽ
പടികളിറങ്ങുന്നോരസ്തമയം
ഇരുളിന്റെ നിഴലുകൾ പടർത്തി
ഇരവിലേക്കകലുന്നു സൂര്യദേവൻ

സോദരൻ ചന്ദ്രന് വഴിയൊരുക്കി
സൂര്യനാ ആഴിയിൽ മറയുന്നു
വീണ്ടും പ്രഭാതം പുലരുമെന്ന
വർണ്ണാഭമാം പ്രതീക്ഷനൽകി

മറയുന്നു അകലുന്നു സൂര്യദേവൻ
മറയാത്ത സ്നേഹത്തിനോർമ്മനൽകി
ത്തുടുത്തുടെ ചുമന്നൊരു പൊട്ടുപോലെ
താമരയവൾക്കവൻ വിടചൊല്ലി






ഡിയ റാണി ആന്റണി

# പൂവ്

വിണ്ണിന്റെ സൗന്ദര്യം മാലാഖമാരെങ്കിൽ
മണ്ണിന്റെ സൗന്ദര്യം പൂക്കളല്ലേ
ദൈവത്തിന്റെ മനസ്സിന്റെ കൗമാര സങ്കൽപം
പൂക്കളായ് വിരിക്കുന്നതാവാം

പൂക്കൾക്കും പറവയ്ക്കും ആയുസ്സേ കുറവുള്ളു
ആഹ്ലാദമേകുവതേറെ ആർക്കും
ഇല്ലില്ല ചൊല്ലില്ലതേതുമേ ഭുവിതിൽ
ജന്മമെനിക്കിതെന്തേ പൂവായി


ഭൂമിയിലെല്ലാരും പൂവായ് വിരിയവേ
മാനാസമെല്ലാർക്കും പൂവാടിയാക്കാം
എന്തൊരു ഭംഗിയീപൂക്കൾക്കുനാൾക്കുനാൾ
എന്നേപ്പിരിയാത്ത ദൈവത്തിനേപ്പോൽ....!!!!!



ഫർസാന അമീർ

# പേരാലും പുൽക്കൊടിയും

പേരാലൊരു നാൾ അരികേ വളരും
ഒരു ചെറുപുൽക്കൊടിയോടോതി
ഞാനൊരു ഭീമൻ വൃക്ഷം പക്ഷേ
നീയേ വെറുമൊരു പുൽക്കൊടിയും
എന്നെ വിഴ്ത്താനൊക്കില്ലാർക്കും
നിൻ കഥയൊന്നേ ചൊല്ലാമോ...



ഫാത്തിമ കെ. പി.

# അങ്ങാടിയ്ക്കുപോയ നെല്ലിക്കകൾ

ഒരാൾ ഒരു കുട്ടയിൽ കുറേ നെല്ലിക്കകളുമായി അങ്ങാടിയിലേക്കു പോകുകയായിരുന്നു.കുത്തനെയുള്ള ഒരിറക്കം ഇറങ്ങാൻ തുടങ്ങവേ അയാളുടെ കുട്ടയിൽനിന്ന് ഒരു നെല്ലിക്ക തെറിച്ച് പുറത്തുവീഴുകയും താഴേക്ക് അതിവേഗത്തിൽ അത് ഉരുളാൻ തുടങ്ങുകയും ചെയ്തു."ഓ, എന്റെ പൊന്നു നെല്ലിക്കെ... നീ തന്നത്താൻ അങ്ങാടിയിലേക്കു പോകുകയാണല്ലേ?അതെന്തായാലും നന്നായി. നിന്റെ പുറകെ മറ്റു നെല്ലിക്കകളും ഉരുട്ടിവിട്ടാൽ അവയും അവിടെ എത്തിക്കൊള്ളുമല്ലോ!ഭാരം ചുമന്ന് എനിക്ക് ബുദ്ധിമുട്ടുകയും വേണ്ട". ഇപ്രകാരം പിറുപിറുത്തുകൊണ്ട് അയാൾ കുട്ട താഴെയിറക്കി നെല്ലിക്കകൾ ഒന്നൊന്നായി താഴേക്കുരുട്ടിവിട്ടു.അവ തന്നത്താൻ അങ്ങാടിയിലെത്തിക്കൊള്ളുമല്ലോ എന്നു സമാധാനിച്ച് അയാൾ അങ്ങാടിയിലേക്ക് കൈയ്യുംവീശിനടന്നു.അങ്ങാടിയിലെത്തി അയാൾ അവിടെയെല്ലാം സൂക്ഷ്മമായി പരിശോധിച്ചു.നെല്ലിക്കകളെ അവിടെയൊരിടത്തും കാണാനുണ്ടായിരുന്നില്ല. ഒരുപക്ഷേ, അവ വഴിയിലെവിടെയെങ്കിലും വിശ്രമിക്കുകയാകുമെന്നും അൽപ്പം കഴിയുമ്പോൾ ചന്തയിലെത്തുമെന്നും അയാൾ കരുതി നെല്ലിക്കകൾ വരുന്നതും കാത്ത് നിന്നു.സന്ധ്യയായിട്ടും നെല്ലിക്കകൾ വന്നില്ല.ചന്ത കഴിഞ്ഞപ്പോൾ അയാൾ അവിടം വിടുകയും കൂട്ടുകാരോടും പരിചയക്കാരോടും ചോദിക്കുകയും ചെയ്തു.കൂട്ടുകാരുടെ മറുപടി കേട്ട് തലപുകഞ്ഞാലോചിച്ചപ്പോൾ സംഗതി പിടികിട്ടി.നെല്ലിക്കകൾ വേഗത്തിൽ വന്നതിനാൽ ചന്ത കഴിഞ്ഞ് പോയിട്ടുണ്ടാകും.പെട്ടെന്ന് അയാൾ ഒരു കുതിരയെ

വാങ്ങി നെല്ലിക്കകൾ പോയ സ്ഥലവും ലക്ഷ്യമാക്കി പാഞ്ഞുപോയി.



**അലീന ജോബി**

# മഞ്ഞുതുള്ളി

പുൽക്കൊടിത്തുമ്പത്ത്  തൂങ്ങിനിന്നു
പുലരാൻ  കാലം മഞ്ഞുതുള്ളി
കാറ്റൊന്നു മെല്ലെ തലോടിയപ്പോൾ
പിടിവിട്ടു  വീണുപോയ്  മഞ്ഞുതുള്ളി
മണ്ണിൽ  മറഞ്ഞുപോയ് മഞ്ഞുതുള്ളി



മുഫീദ മോൾ കെ. എസ്.

# അമ്മ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മത്യലോകമെന്നു...
 കരുതുമ്പോഴും കൂടുതൽ
പാഴ് ജന്മങ്ങൾ
ഇവിടെ പുഴുക്കളെ പോലെ
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം!!!
 അമ്മതൻ മടിയിൽ തലവെച്ചുറങ്ങുവിൻ
അമ്മയാകുന്നു എല്ലാമെല്ലാം
അമ്മയാകുന്നു ദൈവവും
അമ്മയാകുന്നൂ എല്ലാം...



റിസ്വാന നിസാമുദ്ദീൻ


# ഗ്രാമം

തോടുണ്ട്  തോട്ടിൻ കരയിലുണ്ട്
കളിവീട് പോലുള്ള ചെറുവീടുകൾ
വയലുണ്ട് വരമ്പുണ്ട് വരമ്പിലുണ്ട്
കരിമ്പനക്കൂട്ടം വളരുന്നുണ്ട്
വളമുണ്ട് വഴിയുണ്ട് വഴിയിലുണ്ട്
കരിയിലക്കൂട്ടം കരയണുണ്ട്
പ്ലാവുണ്ട് മാവുണ്ട് മാവിലുണ്ട്
മാങ്ങ പഴുത്ത് കിടക്കണുണ്ട്
കാലത്ത് കാലികൾ മേയുന്നൊരിടമുണ്ട്
ഇടമാകെ പുല്ല് വളരണുണ്ട് .

# കുട്ടിയുടെ പാട്ട്



എൻ. മഞ്ചു



മാടത്തിൻമുറ്റത്തു തത്തിക്കളിക്കിണ
മാടത്തക്കുഞ്ഞിനു പൊന്നോണം

പാടത്തു നീളെപ്പറക്കിണ പൈങ്കിളി
പാടിത്തരുമോ നീ താരാട്ട്.....

കിലുകിലെപ്പൊട്ടിച്ചിരിക്കിണതെന്തിനു
കുലവാഴത്തേനുണ്ണുമണ്ണാനേ.....

മഞ്ഞപ്പറവേ,നീ വട്ടം കറങ്ങാതെ
കുഞ്ഞിനൊരുമ്മ കൊടുക്കാമോ.....

പട്ടം പറത്തണ ചക്കിപ്പരുന്തേ, നീ
പൊട്ടി നിലത്തേക്കു പോരാമോ.....

തുമ്പി,നമുക്കൊന്നു തുള്ളണ്ടേ,പൂച്ചെടി
ത്തുമ്പിലിരുന്നു വിറച്ചാലോ....

അമ്മ വരിണുണ്ടു, കുഞ്ഞിനൊരിത്തിരി
അമ്മിഞ്ഞപാലു കുടിക്കേണം .



ശരണ്യ റെജികുമാർ

# വൃത്തിയുള്ള നാട്ടിൽ ആരോഗ്യമുള്ള ജനത

എന്തൊക്കെ മാലിന്യങ്ങളാണ് നമുക്ക് ചുറ്റും?
ചുറ്റുപാട് വൃത്തിഹീനമായാൽ രോഗാണു പെരുകും.
അവ അനേകതരം രോഗാണു ഉണ്ടാകും.
ഒന്നു മനസ്സുവെച്ചാൽ ചുറ്റുമുള്ള മാലിന്യങ്ങൾ നമുക്ക് ഇല്ലാതാക്കാം.

## മാലിന്യങ്ങൾ മൂന്നായി തരം തിരിക്കാം

ലോകമാലിന്യങ്ങൾ അതു ശേഖരിക്കുന്നവർക്ക് നൽകാം
ജൈവമാലിന്യങ്ങൾ പച്ചക്കറിക്കൃഷിക്ക് ഉപയോഗിക്കാം .

വീടുകൾ മാത്രം വൃത്തിയായാൽ പോരാ , സ്കൂളുകളും പൊതുസ്ഥലങ്ങളും വൃത്തിയാകണം. ഇടവഴികളും നടവഴികളും വൃത്തിയാക്കണം. ഉച്ചഭക്ഷണം കഴിഞ്ഞ് കൈ കഴുകുന്ന വെള്ളം കെട്ടികിടക്കാതെ പച്ചക്കറിക്കൃഷിക്ക് ഉപയോഗിക്കാം.



ശിവനന്ദന ശ്യാം

# എന്റെ നാട്

നീളേ നീളേ നിറഞ്ഞൊഴുകും

നിത്യമനോഹരിയെൻ നാട്

നിത്യവും പൂക്കൾ വിടർന്നു വിലസും

നിത്യസൗഭാഗ്യം നിറഞ്ഞനാട്

പുകൾപെറ്റ നാട്

പൂങ്കാറ്റിലോടിവരുന്ന നാട്

പൂവിൻ സൗന്ദര്യം ഒഴുകുന്ന നാട്.

സത്യവം നിതിയും തുല്യത പാലിക്കും

ഐശ്യദേവിയാണെൻ നാട്....

# പുഞ്ചപ്പാട്ട്



സുൾഫിയമോൾ പി. എസ്

തിന്തിനന്തോ താനിനാനോ
തിന്തിനന്തോ താനിനാനോ
പുഞ്ചക്കണ്ടം നെരന്ന പെണ്ണേ
വഞ്ചി വന്നാ കൊയ്യെട്ടുക്കാം.

ആറ്റുവഞ്ചീ നീറ്റുവഞ്ചീ
ചുണ്ടൻവഞ്ചീ ചുരുട്ടുവഞ്ചീ
ചന്തമൊള്ള ചരുപ്പൻവഞ്ചീ
എന്റെ വഞ്ചീ ഇരട്ടവഞ്ചീ.

പുഞ്ചയിലെ വിത്തെറിഞ്ഞേ
കളപറിച്ചേ കെളകെളച്ചേ
കെള കയിഞ്ഞേ വളമെറങ്ങ്യേ
വിത്തെറിഞ്ഞേ കളപറിച്ചേ.

കതിരുവന്നേ കനവു വന്നേ
നെരനെരന്നേ കതിരു വന്നേ
കതിരു വന്നേ പഴപഴത്തേ
കൊയ്യെട്ടുത്തേ മെതികയിഞ്ഞേ.

പൊലിയളന്നേ പറ നെരന്നേ
പൊലിമ വന്നേ പുലരി വന്നേ
കിളികളെല്ലാം പറ പറന്നേ
തളിരണിഞ്ഞേ മനം കുളിത്തേ.

പുഞ്ചക്കണ്ടം പുലരിക്കണ്ടം
ചന്തമുള്ള പരിപ്പൻകണ്ടം

പുഞ്ചകൊയ്യേ കരക്കട്ടത്തേ
കളം നെറഞ്ഞേ കതിരുകൊണ്ടേ.




താഹിറ വി. എസ്.

## പുഴ

ഒരുവട്ടം കൂടിയെൻ ഓർമ്മകൾമേയുന്ന
പുഴതീരത്തെത്തുവാൻ മോഹം
കൂട്ടുകാരൊത്തൊരാ പുഴയുടെതീരത്ത്
ഓടിക്കളിക്കവാൻ മോഹം

പുഴയിലെവെള്ളത്തിൽ മുങ്ങിക്കളിക്കുവാൻ
മുങ്ങാംകുഴിയിടാനെന്തുമോഹം
പുഴയും കുളിർക്കാറ്റും തോഴരായീട്ടകിൽ

നമ്മുടെ ജീവിതമെത്രധന്യം



അൽഫിയ സുധീർ

# തവളപ്പൂരം

പേക്രോം പേക്രോം കുഴലുവിളിക്കാർ
പേക്രോം പേക്രോം ചെണ്ടക്കാർ
പുതുമഴ പെയ്തു കുളമതിലയ്യാ
തവളപ്പൂരം കെങ്കേമം.......



**അന്ന ഷാജി**

# ഉള്ളൂർ എസ്. പരമേശ്വരയ്യർ

**(1877-1949)**

*ചങ്ങനാശ്ശേരിയിൽ ജനനം .കവി ,സാഹിത്യചരിത്രകാരൻ ,ഗവേഷകൻ നിരൂപകൻ,പത്രാധിപൻ ,തിരുവിതാംകൂർ ഗവൺമെന്റിലെ വ്യക്തിമുദ്ര പതിപ്പിച്ചു .*

*ഉമാകേരളം (മഹാകാവ്യം) ,കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ ),കർണഭൂഷണം ,*

*പിംഗള,ചിത്രശാലതാരാഹാരം തരംഗിണി. കല്പശാഖി,അമൃതധാര അംബ മുതലായ*

*കൃതികൾ രചിച്ചു .*



അശ്വതി റ്റി. ആർ

# ഇൻറർനെറ്റും ടി.വിയും വിസ്മയലോകങ്ങൾ

ശാസ്ത്രം എന്തെല്ലാം വിസ്മയലോകങ്ങൾ ആണ് നമുക്കു മുന്നിൽ തുറന്നു തന്നിരിക്കുന്നത്.അടുത്ത കാലം വരെ ചിന്തിക്കാൻ കഴിയാത്ത നൂതന മേഖലകളാണ് നമ്മിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. ഇൻറർനെറ്റും ടി.വിയും ഗുണവും ദോഷവും ഉള്ള ഇരുതല മൂർച്ചയുള്ള വാളുകളാണ്. പലരും ഇവ ഉപയോഗിക്കുന്നത് നല്ല കാര്യങ്ങൾക്കല്ല.

ഇന്റർനെറ്റും ടി.വിയും നമുക്ക് മുന്നിൽ അറിവിന്റെ വിപുല ലോകം തുറന്നിട്ടിരിക്കും.വിജ്ഞാനത്തിന്റെ പുതിയ ചക്രവാളങ്ങൾ വിരൽ തുമ്പിൽ നിൽക്കുന്ന കാലത്തെയാണ് നാം വിവരസാങ്കേതികയുഗം എന്ന് വിളിക്കുന്നത് . പക്ഷേ പല ദൂഷ്യങ്ങളിലേക്കും നമ്മെ ഈ ലോകം നയിക്കുന്നു.ഇവയിൽ നിന്നും രക്ഷപെടുക അത്യാവശ്യമാണ്. അതിനായി മാധ്യമങ്ങൾ കാര്യക്ഷമമായി പ്രയോഗിക്കുകയാണ്


വേണ്ടത്. അറിവിന്റെ ഈ വിപുലലോകം ഗുണദോഷങ്ങൾ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്



**അൻസൽന പി. എ.**

# കാർമേഘം

അതാ വരുന്നു ദേ വരുന്നു
കറുത്ത കുടച്ചൂടി..
കുണുങ്ങി കുണുങ്ങി നിൽക്കുന്നു
അവൾ ആ കറുത്ത സുന്ദരി.
മണിമുത്തുകളാൽ മഴ പൊഴിക്കാൻ ഒരുങ്ങുന്നു.
പൊഴിയുകയായ് ആനന്താശ്രു-
പോലൊരു തുള്ളിഭൂമിയിലേക്ക്..



# കേരളഗാനം

മുഹ്സീന സിറാജ്

*ജയജയ കോമള കേരളധരണീ*
*ജയജയ മാമക പൂജിത ജനനീ*
*മലയജസുരഭില മാരുതനേൽക്കും.*

*മലയാളം ഹാ മാമകരാജ്യം*
*കല്പകതരുനികരങ്ങൾ നിരക്കും*
*കല്പിതഭൂവാണെന്നുടെ രാജ്യം .*

*കളകളമോതിയിണങ്ങി വന്നൊരു*
*സലിലസമൃദ്ധം മാമകരാജ്യം*
*തുഞ്ചശുകീകളകണ്ഠ നിദാനം*
*തഞ്ചും മാമക മലയാളത്തിൽ.*

*മാമകമോഹം മാമകഗേഹം*



# മൗനം

നികിത ജോഷി

മൊഴികളിൽ പറയാതെ മിഴികളിൽ പറയുന്ന
മധുരമാം നിൻ നേർത്ത മൗനം

പകുതിയിൽ നിന്നൊരാ പാട്ടിന്റെ ഒടുവിൽ
നി എഴുതിയതിനേതു മൗനം

കടലാസു തുണ്ടിൽ നി പകരുന്ന പ്രണയതിൻ
വരികൾ തൻ ഇടയിലും മൗനം

ആദ്യമായ് ഞാനെന്റെ പ്രണയം പറഞ്ഞപ്പോൾ
പകരമായി നീ തന്നു മൗനം

ഇന്നു നാം പിരിയവേ കാൺമൂ ഞാൻ നിൻ
കണ്ണിൽ ഒരു തുള്ളി കണ്ണുനീർ മൗനം

ഒരു തുള്ളി കണ്ണുനീർ മൗനം



റിസ്വാന നിസാമുദ്ദീൻ

# മഞ്ഞുതുള്ളി

പുൽകൊടിത്തുമ്പത്ത് തൂങ്ങിനിന്നു
പുലരാൻ കാലം മഞ്ഞുതുള്ളി
കാറ്റൊന്നു മെല്ലെ തലോടിയപ്പോൾ
പിടിവിട്ടു വീണുപോയ് മഞ്ഞുതുള്ളി
മണ്ണിൽ മറഞ്ഞുപോയ് മഞ്ഞുതുള്ളി.




# അമ്മ പഠിപ്പിച്ചവ.....

ഓരോ മുള്ളിനുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ വളർത്തിയോളമ്മ.......

വൈഷ്ണവി ബിനേഷ്

ക്രൂരമ്പുകൾ വന്നെന്റെ
ചോരയിറ്റിക്കേ...ഒരു
ചിരിപ്പൂ വിടർത്താൻ
കരുത്തു തന്നവൾ.....
കറുത്തരാത്രികൾ കാലു
തെറ്റിക്കേ...ഒരു
പൂനില വെട്ടമായ്
കാൽനടത്തിയോൾ....
സഹനകാലത്തിന്നടപ്പാതിയിൽ
മഴ നനക്കാതെൻ
താങ്ങായ് നിന്നവൾ.....



**അനുശ്രീ അശോക്**

# <u>കടമ്മനിട്ട രാമകൃഷ്ണൻ</u>

കവിതയരങ്ങുകളിലൂടെ കവിതയെ സാധാരണക്കാരിലേയ്ക്ക് കൊണ്ടുവന്ന ഇദ്ദേഹം 1935 മാർച്ച് 17-ന് പത്തനംതിട്ട കടമ്മനിട്ടയിൽ ജനിച്ചു .പോസ്റ്റൽ സർവ്വീസിൽ സേവനമനുഷ്ഠിച്ചു.1982-ൽ കടമ്മനിട്ടയുടെ കവിതകൾക്ക് കേരളസാഹിത്യ ആക്കാദമി അവാർഡും ആശാൻ പ്രൈസും ലഭിച്ചു.1995-ൽ ആറന്മുളയിൽ നിന്ന് നിയമസഭാംഗമായി .

കവിത, മഴ പെയ്യുന്ന മദ്ദളം കൊട്ടുന്ന ഇവ കാവ്യസമാഹാരങ്ങൾ, സാമുവൽ ബെക്കറ്റിന്റെ ഗോദോയെക്കാത്ത് ,ഒക്ടോവിയോ പാസിന്റെ സൂര്യശില എന്നിവയുടെ വിവർത്തനങ്ങളും ഇദ്ദേഹത്തന്റെതായുണ്ട്. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അധ്യക്ഷനായിരുന്നു.2004-ൽ ബഷീർ പുരസ്കാരത്തിന് അർഹനായി.2008 മാർച്ച് 31-ന് അന്തരിച്ചു



# പ്രളയവും അതിജീവിതവും

മേഘ മരിയ മനോജ്

കുഞ്ഞേ പാഠപുസ്തകങ്ങളെല്ലാം
പ്രളയത്തിൽ ഒലിച്ചുപോയെങ്കിലെന്ത്
തന്നില്ലേ
പ്രകൃതി താളുകൾക്കപ്പുറത്തുള്ള
ജീവിതപാഠം [2]
പഠിച്ചില്ലേ ആദ്യ പാഠമിപ്പഴേ
മനുഷ്യനാണീശ്വരനെന്നും.
സ്നേഹമാണ് പ്രതിരോധമെന്നും [2]
കുഞ്ഞേ ആഴത്തിലറിയണം.
പുഴതൻ വഴികളെല്ലാം.[2]

അറിഞ്ഞില്ലെ ഇപ്പഴേ ഇഷ്ടമുള്ളതെല്ലാം
ഒരിക്കൽ നഷ്ടവുമെന്ന് [2]
കടലോരത്തെ സ്നേഹവലകളെ കുറിച്ച്
പലജാതി മനുഷ്യന്റെ
ഒരു ജാതി വിശപ്പിനെ പറ്റി
മതമില്ലാത്ത മരണപ്പിടച്ചലിനെ പറ്റി
അതിജീവനത്തിന്റെ മലയാളപാഠം
ഇങ്ങനെ
മഴ ചതിച്ചാലും മലയടങ്ങിയല്ലും
മല പോലെ നിവർന്നു
നിൽക്കുമെൻ മലയാളം

എന്നും, മല പോലെ
നിവർന്നു നിൽക്കുമെൻ
മലയാളം

എന്റെ മലയാളം മലയാളം....
എന്റെ മലയാളം...!



# കണ്ണൻ കാർവർണ്ണൻ

അനന്തലക്ഷ്മി കെ.ആർ

യശോദ അമ്മ എടുത്തു താലോലിച്ചു
നന്ദനൻ തന്നെ മടിയിൽ വെച്ചു
കിന്നതലയഴിച്ചു വേർപ്പെടുത്തി
മിന്നും തലമുടി കെട്ടി വെച്ചു
കോർത്തൊരു പൂമാല ചുറ്റി കെട്ടി
കണ്ണും മിന്നുന്ന പീലി കുത്തി
കണ്ണനും ഗോപിയും പോട്ടു കുത്തി
വാലിട്ടു കണ്ണെഴുതി യശോദ
അങ്ങനെ കണ്ണൻ കൂട്ടുകാരൊത്തു
കളിച്ചു രസിച്ചു നടന്നു നീങ്ങി

# സഹകരിച്ച

# ഏവർക്കും

# നന്ദി